ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് എ. ഡി. ബി. ചുമതലപ്പെടുത്തിയിട്ടുള്ള കൺസൾട്ടന്റിന്റെ അന്തിമ റിപ്പോർട്ടിന് രൂപം നൽകി വരികയാണ്.

(ബി) തീരുമാനമായിട്ടില്ല.

(സി) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലൂന്നിയുള്ള സാമ്പത്തിക സാമൂഹിക ഉന്നമനം, പരിസ്ഥിതി സംതുലനം, നഗരങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം, മുനിസിപ്പൽ ഭരണസംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ശുദ്ധജലവിതരണം, നഗരഗതാഗത സംവിധാനം മെച്ചപ്പെടുത്തൽ, ഖരമാലിന്യ നിർമ്മാർജ്ജനം, ശുചീകരണം, പദ്ധതി പ്രദേശങ്ങളിലെ അഴുക്കു ചാലുകളും ഉറവകളും വൃത്തിയാക്കലിലൂടെ പരിസ്ഥിതി പരിപാലനം തുടങ്ങിയവ യ്ക്കാണ് കരട് റിപ്പോർട്ടിൽ ഊന്നൽ നൽകിയിട്ടുള്ളത്.

(ഡി) & (ഇ) അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഈ കാര്യങ്ങളിൽ തീരുമാനമെടുത്തിട്ടില്ല.

(എഫ്) തീരുമാനമെടുത്തിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) ഇല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറികളിൽ നിന്നും തുക പിൻവലിക്കുവാൻ ബിൽ സമ്പ്രദായം

98 [3795] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറികളിൽ നിന്നും തുക പിൻവലിക്കുവാൻ ബിൽ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ബിൽ സമ്പ്രദായം നടപ്പിലാക്കിയിട്ടും ട്രഷറികൾ തുക നൽകാതെ ബില്ലുകൾ തടഞ്ഞുവയ്ക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കാമോ;

(ഡി) സാമ്പത്തിക വർഷം അവസാനിക്കാറായ ഈ ഘട്ടത്തിൽ പദ്ധതി തുക വിനിയോഗം തടസ്സം കൂടാതെ നിർവ്വഹിക്കുവാൻ കാലതാമസം കൂടാതെ ബില്ലുകൾ മാറിക്കിട്ടാൻ ധനകാര്യവകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 1-12-2004 മുതൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ട് ധനകാര്യവകുപ്പ് ജി. ഒ. (പി) 516/04/ഫിൻ തീയതി 3-11-2004 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചില പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) ധനകാര്യവകുപ്പ് പുറത്തിറക്കിയ ഉത്തരവിലെ ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള സംശയങ്ങളാണ് ബില്ലുകൾ പാസ്സാക്കാതിരിക്കുന്നതിനുള്ള പ്രധാന കാരണം.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ്

99 [3796] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഈ സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് എന്നാണ് വിതരണം ചെയ്തിട്ടുള്ളത്;

(ബി) മാനദണ്ഡമനുസരിച്ചുള്ള മുഴുവൻ തുകയും ഇതിനകം തന്നെ വിതരണം ചെയ്തിട്ടുണ്ടോ;

(സി) മെയിന്റനൻസ് ഗ്രാന്റ് യഥാസമയം നൽകാത്തതുമൂലം അതു സമയ പരിധിക്കുള്ളിൽ ചെലവഴിക്കാൻ കഴിയാതെ വരുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാർച്ച് 31-നു ശേഷവും തുക ചെലവഴിക്കാനുള്ള അനുവാദം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14 ഗഡുക്കളായി വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഗ്രാന്റിന്റെ ആദ്യത്തെ 9 ഗഡുക്കൾ 2004 ഡിസംബർ മാസത്തിലും മറ്റ് ഗഡുക്കൾ തുടർന്നും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

നഗരവീഥികളിലേക്ക് ജൈവാവശിഷ്ടങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കാൻ നടപടി

100 [3797] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിലേക്കും തോടുകളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യം നിറച്ച കവറുകൾ വലിച്ചെറിയുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly